ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:15.06.2025

## പ്രധാനവാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ആദ്യ ഘട്ടമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സൈപ്രസിൽ എത്തി.
2. കേരളത്തിൽ അഞ്ച് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്നും നാളെയും ചുവപ്പ് ജാഗ്രത.
3. വയോജന ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ആർ. ബിന്ദു. പുതിയ വയോജന സൗഹൃദ പദ്ധതികൾക്ക് തുടക്കം കുറിച്ച് കേരളം.
4. ഒമ്പത് വർഷത്തിനിടെ പൊതുവിദ്യാഭ്യാസ മേഖലയിൽ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതായി മന്ത്രി വി. ശിവൻകുട്ടി.
5. പ്ലസ് വൺ പ്രവേശനത്തിൻറെ അവസാന അലോട്ട്മെൻറ് നാളെ പ്രസിദ്ധീകരിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

### ഹെഡ് ലൈൻ - 1

### പ്രധാനമന്ത്രി സന്ദർശനം

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ആദ്യ ഘട്ടമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സൈപ്രസിൽ എത്തി. ലാർനാക്ക അന്താരാഷ്ട്ര വിമാനത്താവളത്തിൽ സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ-ഡൗലിഡ്സ് അദ്ദേഹത്തെ സ്വീകരിച്ചു. ലെമെസോസിൽ

ഇന്ത്യൻ, സൈപ്രസ് സംരംഭകരുമായി ഇരു നേതാക്കളും ഒരു ബിസിനസ് വട്ടമേശ ചർച്ചയിൽ ഏർപ്പെടും. സൈപ്രസ് പ്രസിഡൻറുമായി, പ്രധാനമന്ത്രി നാളെ ഔപചാരിക ഉഭയകക്ഷി ചർച്ച നടത്തും. പ്രസിഡൻറിൻറെ വസതിയിലെ വിരുന്നോടെയാണ് ശ്രീ മോദിയുടെ സൈപ്രസ് സന്ദർശനം അവസാനിക്കുക. തുടർന്ന്, ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി കാനഡയിലേക്ക് പോകും. പര്യടനത്തിൻറെ അവസാന പാദത്തിൽ, ഈ മാസം 18 ന് പ്രധാനമന്ത്രി ക്രൊയേഷ്യയിലെത്തും.

&&&&&&&&&&&&&&&&&&

**അഹമ്മദാബാദ് വിമാനാപകടം**

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 32 പേരുടെ ഡിഎൻഎ സാമ്പിളുകൾ ഇതുവരെ താരതമ്യപ്പെടുത്തി. ഇതിൽ 14 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ ഡിഎൻഎ സാമ്പിളുകളും ഒത്തുനോക്കിയതായി സംസ്ഥാന ആഭ്യന്തര മന്ത്രി ഹർഷ് സംഘവി സ്ഥിരീകരിച്ചു. ഗാന്ധിനഗർ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ, ഡിഎൻഎ സാമ്പിളുകൾ എടുക്കുകയും ഒത്തുനോക്കുകയും ചെയ്യുന്ന പ്രക്രിയ 24 മണിക്കൂറും തുടരുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ - 2**

**മഴ-കേരളം**

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. അടുത്ത 5 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്നും നാളെയും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കാസർഗോഡ്, തൃശ്ശൂർ, വയനാട് ജില്ലകളിൽ നാളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. കേരള

- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

നദി- മുന്നറിയിപ്പ്

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ജലസേചന വകുപ്പ് പ്രളയസാധ്യത മുന്നറിയിപ്പ് നൽകി. പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, കാസറഗോഡ് ജില്ലയിലെ കരിയങ്കോട്, നീലേശ്വരം, മൊഗ്രാൽ എന്നീ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

വി. ശിവൻകുട്ടി- മികവുത്സവം 2025

കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ പൊതുവിദ്യാഭ്യാസ മേഖലയിൽ 5000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയതായി മന്ത്രി വി. ശിവൻകുട്ടി. പത്താം ക്ലാസ്സ്, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ നെടുമങ്ങാട് മണ്ഡലത്തിലെ വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ അവാർഡ് ദാന ചടങ്ങായ 'മികവുത്സവം 2025 ' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഹയർ സെക്കൻഡറി പാഠ്യപദ്ധതിയിൽ നവീന സമീപനങ്ങൾ അവലംബിക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി ജി.ആർ അനിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

PNUTVPM

&&&&&&&&&&&&&&&&&&

റേഡിയോ നെല്ലിക്ക

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ കുട്ടികൾക്കായി റേഡിയോ നെല്ലിക്ക എന്ന പേരിൽ ഇന്റർനെറ്റ് റേഡിയോ ആരംഭിക്കുന്നു. റേഡിയോയുടെ ഉദ്ഘാടനം ഈ മാസം 18ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ, ലഹരി, സൈബർ

ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ തുടങ്ങിയവ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ലോകത്ത് എവിടെനിന്നും 24 മണിക്കൂറും കേൾക്കാൻ സാധിക്കുന്ന തരത്തിലാണ് റേഡിയോയുടെ രൂപകല്പന. തുടക്കത്തിൽ നാലു മണിക്കൂർ പ്രോഗ്രാമാകും ഉണ്ടാവുക.

&&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

വയോജനക്ഷേമം (ഇൻട്രോ)

മുതിർന്ന പൗരന്മാരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണ ദിനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു ഓൺലൈനായി നിർവ്വഹിച്ചു. പുതിയ വയോജന സൗഹൃദ പദ്ധതികൾക്കും ഇന്ന് തുടക്കം കുറിച്ചു. വയോജന ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. (ഹോൾഡ് വോയ്സ്)

RNU TVPM

&&&&&&&&&&&&&&&&&&&

വീണാ ജോർജ്- വിക്ടോറിയൻ പാർലമെൻ്റ്

ആരോഗ്യമന്ത്രി വീണാ ജോർജിന് ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെൻറ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ക്ഷണം ലഭിച്ചു. വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നതിനും പാർലമെൻറിൻറെ ആദരവ് ഏറ്റുവാങ്ങുന്നതിനുമായാണ് ക്ഷണം ലഭിച്ചിട്ടുള്ളത്. ഈ മാസം 19-നു നടക്കുന്ന വിക്ടോറിയൻ പാർലമെൻറ് സമ്മേളനത്തിലാണ് മന്ത്രി പങ്കെടുക്കുന്നത്. സന്ദർശനത്തോടനുബന്ധിച്ച് വിക്ടോറിയയിലെ ആരോഗ്യ മന്ത്രി, വനിത ശിശു ക്ഷേമ മന്ത്രി എന്നിവരുമായി ശ്രീമതി വീണാ ജോർജ് ചർച്ച നടത്തും.

&&&&&&&&&&&&&&&&&&&

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിക്കാൻ രണ്ടു ദിവസം മാത്രം ശേഷിക്കെ സ്ഥാനാർത്ഥികളുടെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. എൽഡിഎഫ് സ്ഥാനാർഥി എം സ്വരാജിൻറെ പ്രചാരണത്തിൻറെ ഭാഗമായി പോത്തുകല്ല്, കരുളായി, പൂക്കോട്ടുംപാടം എന്നിവിടങ്ങളിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് റാലികൾ മുഖ്യമന്ത്രിയും CPI-M മുതിർന്ന നേതാവുമായ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിൻറെ പ്രചാരണ പരിപാടിയിൽ കോൺഗ്രസ് എം പി പ്രിയങ്ക ഗാന്ധി പങ്കെടുത്തു. എൻഡിഎ സ്ഥാനാർത്ഥി അഡ്വ. മോഹൻ ജോർജിൻറെ തെരഞ്ഞെടുപ്പ് പ്രകടനപത്രിക ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## പ്ലസ് വൺ അലോട്ട്മെന്റ്

പ്ലസ് വൺ പ്രവേശനത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും. നാളെ രാവിലെ 10 മണി മുതൽ മറ്റന്നാൾ വൈകിട്ട് 5 മണി വരെ പ്രവേശനം നേടാം. താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കില്ല. സ്പോർട്സ് ക്വാട്ടയുടെ അവസാന അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കും. ഇതുവരെ അപേക്ഷിക്കുവാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

PNU TVPM

**കാസർഗോഡ്-മഴ (intro)**

ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ രാവിലെ മുതൽ അതിശക്തമായ മഴ തുടരുകയാണ്. ജില്ലയിൽ നിരവധിപ്പേരെ മാറ്റിപ്പാർപ്പിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.**

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&&&

**ശബരിമല-മഴ**

ഇന്ന് പുലർച്ചെ മുതൽ ശബരിമല സന്നിധാനത്തും പമ്പയിലും അതിശക്തമായ മഴയാണ് ലഭിക്കുന്നത്. പമ്പാനദിയിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഭക്തർ പമ്പാ ത്രിവേണിയിൽ ഇറങ്ങുന്നതിന് ജില്ലാ കളക്ടർ താൽക്കാലിക നിരോധനം ഏർപ്പെടുത്തി. പമ്പ ത്രിവേണിയിലെ വാഹന പാർക്കിങ്ങിനും നിയന്ത്രണമുണ്ട്. ശക്തമായ മഴയെ തുടർന്ന്, മലകയറുമ്പോൾ ഭക്തർ ജാഗ്രത പുലർത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**നെയ്യാർ ഡാം**

ശക്തമായ മഴയിൽ നെയ്യാർ ഡാമിലേക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്നു. ഈ സാഹചര്യത്തിൽ ഡാമിന്റെ നാല് ഷട്ടറുകൾ കൂടുതൽ ഉയർത്തി. സമീപപ്രദേശങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**മലങ്കര ഡാം**

മലങ്കര അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ ഘട്ടം ഘട്ടമായി ഉയർത്താൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്. മഴ തുടരുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴയാറിന്റെ ഇരു കരകളിലും താമസിക്കുന്നവർ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&

RNU TVPM

## ഓച്ചിറക്കളി (ഇൻട്രോ)

ചരിത്രപ്രസിദ്ധമായ ഓച്ചിറക്കളി കൊല്ലം ഓച്ചിറ പടനിലത്ത് നടന്നു. മിഥുനമഴയുടെ അകമ്പടിയോടെ നടന്ന ഓച്ചിറക്കളി ഓണാട്ടുകരയുടെ പോരാട്ട ഓർമ്മകളുണർത്തി കളിക്കാർക്കും കാണികൾക്കും ആവേശമായി.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

## പാസിംഗ് ഔട്ട് പരേഡ്

കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 19-ാമത് സി ബാച്ചിലെ 144 റിക്രൂട്ട് വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് നാളെ രാവിലെ കേരള പോലീസ് അക്കാദമി പരേഡ് ഗ്രൗണ്ടിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിക്കും.

PNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&